'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ - ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് - പട്ടികജാതി കോളനികളിൽ എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയ്ക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.19/2020/LSGD തീയതി,തിരുവനന്തപുരം, 03/01/2020

---

പരാമർശം:- 1 കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2019-ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ ചേർന്ന യോഗത്തിലെ 4.11-ാം നമ്പർ തീരുമാനം

## ഉത്തരവ്

ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് നടപ്പ് വർഷം ആവിഷ്കരിച്ച 'പട്ടികജാതി കോളനികളിൽ എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ' എന്ന പദ്ധതിയ്ക്ക്, തെരുവ് വിളക്കുകൾ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരുന്ന വിഷയമായതിനാൽ, ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ച സാഹചര്യത്തിൽ പ്രത്യേക അനുമതിക്കായി പരാമർശം (1) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി മുൻപാകെ സമർപ്പിക്കുകയുണ്ടായി. 06.12.2019-ലെ കോഓർഡിനേഷൻ സമിതി യോഗം ഇക്കാര്യം പരിഗണിക്കുകയും പട്ടികജാതി കോളനിയിലായതിനാൽ പ്രത്യേക അനുമതി നൽകുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയുമുണ്ടായി. എന്നാൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ഉണ്ടായിരിക്കണമെന്ന് കോഓർഡിനേഷൻ സമിതി നിഷ്കർഷിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് നടപ്പ് വർഷം ആവിഷ്കരിച്ച 'പട്ടികജാതി കോളനികളിൽ എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ' എന്ന പദ്ധതിയ്ക്ക്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ഉണ്ടായിരിക്കണം എന്ന നിബന്ധനയോടെ, പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA T.P.

UNDER SECRETARY

പകർപ്പ് :പ്രസിഡണ്ട്/സെക്രട്ടറി, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കൊല്ലം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 202[illegible] 10:59:18
IST
Reason: Approved
സെക്ഷൻ ഓഫീസർ